# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6</u> <u>10.06.2013 ൽ മറുപടിയ്ക്ക്</u>

### <u>ജനസമ്പർക്ക പരിപാടി</u>

<u>ചോദ്യം</u>

ശ്രീ. പി.കെ.ഗുരുദാസൻ

<u>മറുപടി</u>

**ശ്രീ.ഉമ്മൻചാണ്ടി**
**(മുഖ്യമന്ത്രി)**

| | |
|---|---|
| (എ) കൊല്ലത്ത് വച്ച് നടത്തിയ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം നിയോജക മണ്ഡലത്തിലെ മുതാക്കര സ്ലം ക്ലീയറൻസ് കോളനിയിൽ താമസിക്കുന്ന പട്ടയം ലഭിക്കാനുള്ളവർ ബഹു.മുഖ്യമന്ത്രിക്ക് നൽകിയ നിവേദത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.യുടെ. 257/പി.കെ.ജി/ കെ.എൽ.എം/2012. തീയതി 18.08.2012 എന്ന കത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?. | (എ) & (ബി) കൊല്ലത്ത് വച്ച് നടത്തിയ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം നിയോജക മണ്ഡലത്തിലെ മുതാക്കര സ്ലം ക്ലീയറൻസ് കോളനിയിൽ താമസിക്കുന്ന, പട്ടയം ലഭിക്കാനുള്ളവർ ബഹു.മുഖ്യമന്ത്രിക്ക് നൽകിയ നിവേദത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.പി.കെ ഗുരുദാസൻ എം.എൽ.എയുടെ 18.08.2012 ലെ 257/പി.കെ.ജി/കെ.എൽ.എം/2012 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി എഴുതി നൽകിയ ആധാരം സഹിതം കൊല്ലം താലൂക്ക് ആഫീസിൽ പോക്കുവരവിനായി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ.ജോർജ്, ശ്രീമതി.സുകുമാരി, ശ്രീ.മുത്തുനായകം, ശ്രീ.അരുളാനന്ദൻ എന്നിവരുടെ പേരിൽ അർഹതപ്പെട്ട സ്ഥലം പോക്കുവരവ് ചെയ്ത് കരം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Kunalakuh
സെക്ഷൻ ഓഫീസർ